ശ്രീ. കെ. രാഘവൻ മാസ്റ്റർ: കൂത്താളി കൂട്ടുകൃഷി ഫാമിലെ അന്തേവാസികൾക്ക് വരുമാനം ലഭിക്കുന്നതുവരെ അവർക്ക് വരുമാനത്തിനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അവർക്ക് വീതിച്ചുകൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അവരുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ കൊണ്ടുപോയി വിൽക്കുന്നതിനും മറ്റും റോഡും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കുവാൻ പദ്ധതി ഉണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അതേപ്പറ്റിയൊന്നും ഇപ്പോൾ ആലോചിച്ചിട്ടില്ല.

ശ്രീ. ടി. എച്ച്. മുസ്തഫ: സാമൂഹ്യ–കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൈവരിക്കുന്നതിനുവേണ്ടി ഉണ്ടാക്കപ്പെട്ടിട്ടുള്ള കൂട്ടുകൃഷിഫാമുകൾ പരാജയമാണെന്നാണ് ഗവൺമെൻറ് പറയുന്നത്. ഇല്ലിത്തോടുഭാഗത്ത് ഇതു ഭാഗിച്ചുകൊടുക്കാൻ തീരുമാനം എടുത്തുവെന്നും പറയുന്നു. ഇതു പരാജയമെന്നാണല്ലേ ഇതിൻെറ അർത്ഥം?

ശ്രീ. എ. എൽ. ജേക്കബ്: ഈ ഫാമുകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തമായി കൃഷി ചെയ്യണമെന്ന വിചാരമില്ല. അവരുടെ വിചാരം അവർ തൊഴിലാളികളാണെന്നാണ്. അതുകൊണ്ടാണ് അവർക്ക് വിട്ടു കൊടുത്തത്.

ശ്രീ. ടി. എച്ച്. മുസ്തഫ; ഇല്ലിത്തോട്ടിലെ കൂട്ടുകൃഷി ഫാമുകളിലുള്ള കുടുംബങ്ങൾക്ക് മുഴുവൻ സ്ഥലവും ഭാഗിച്ചു കൊടുക്കാനാണോ തീരുമാനിച്ചിട്ടുള്ളത്? അവരുടെ വീടുകൾ ഇരിക്കുന്ന പ്രദേശവും കൃഷി പ്രദേശവും ഉൾപ്പെടെയുള്ള സ്ഥലങ്ങൾ വീതിച്ചു കൊടുക്കാനാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: മുഴുവൻ കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. രണ്ടേക്കർവീതം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ആർ. ശിവൻ: ഇല്ലിത്തോട്ടിലെ കൂട്ടുകൃഷി ഫാമുകളുടെ പ്രവർത്തനം അന്വേഷണത്തിൽനിന്ന് തൃപ്തികരമല്ലെന്നു ബോധ്യപ്പെട്ടതുകൊണ്ടാണോ കൂട്ടുകൃഷി ഫാമുകൾ ആകെ പരാജയമാണെന്നു തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. എ. എൽ. ജേക്കബ്: നോട്ടീസ് വേണം.

(ചോദ്യം 76 ചോദിച്ചില്ല.)

സഹകരണമേഖലയിലുള്ള ആശുപത്രികൾ

* 67 [77] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ:

,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണമേഖലയിൽ എത്ര ആശുപത്രികൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയുടെ നടത്തിപ്പിലുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ച് എന്തെങ്കിലും മെമ്മോറാണ്ടം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

(എ) സംസ്ഥാനത്ത് ഏഴു സഹകരണ ഗ്രൂപ്പ് ആശുപത്രികളും 59 പഞ്ചായത്തു സഹകരണ ഡിസ്പെൻസറികളും ഉണ്ട്.

(ബി) ഉണ്ട്.

(സി) സഹകരണ ആശുപത്രികളും ഡിസ്പെൻസറികളും നേരിടുന്ന ബുദ്ധിമുട്ടുകൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റി പ്രശ്നങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെ ഒരു മെമ്മോറാണ്ടം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ? അവിടെ ഡോക്ടർമാരെ കിട്ടാത്തതാണ് പ്രവർത്തനത്തിന് പ്രധാന തടസ്സം എന്നത് അതിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. ബേബിജോൺ: ഗവൺമെൻറിനു കിട്ടിയിട്ടുള്ള മെമ്മോറാണ്ടത്തിൽ പല വസ്തുതകളും സൂചിപ്പിച്ചിട്ടുള്ളതിൽ ഇതും ഉണ്ട്. ഡോക്ടർമാരുടെയും നേഴ്സുമാരുടെയും സേവനം രോഗികൾക്ക് കിട്ടാൻ ബുദ്ധിമുട്ടുണ്ടെന്നു പറഞ്ഞു. അതിന് എങ്ങനെ പരിഹാരം കണ്ടുപിടിക്കാമെന്നതിനെപ്പറ്റി പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുവാനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

ആ കമ്മിറ്റിയിൽ ഡയറക്ടർ ഓഫ് ഹെൽത്തു സർവ്വീസസും സഹകരണ സംഘം രജിസ്ട്രാറും സ്റ്റേറ്റു ഗവൺമെൻറു പ്രതിനിധിയും ഉൾപ്പെടുന്നുണ്ട്.

ശ്രീ. ടി. എ. മജീദ്: ഈ സഹകരണ മേഖലയിൽ ഉള്ള ആശുപത്രികൾ ഡോക്ടർമാർ നടത്തുന്നതാണോ; സഹകരണ മേഖലയിലുള്ള ആളുകൾ നടത്തുന്നതാണോ?

ശ്രീ. ബേബിജോൺ: ഡോക്ടർമാരും മറ്റാളുകളും ചേർന്ന് ഈ പ്രത്യേക ആവശ്യത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ ആണ് നടത്തുന്നത്. ഡോക്ടർമാർ സർക്കാർ ജോലി കിട്ടുമ്പോൾ ഇട്ടിട്ടു പോകാറുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സഹകരണ ആശുപത്രികൾ മിക്കപ്പോഴും വാടകക്കെട്ടിടങ്ങളിലാണ് നടത്തുന്നത്. അവർക്കു ബിൽഡിംഗ് ഉണ്ടാക്കാനും മരുന്നുകൾ വാങ്ങാനും പ്രത്യേക സഹായം ഗവൺമെൻറിൽനിന്ന് നൽകുന്നുണ്ടോ?

ശ്രീ. ബേബിജോൺ: അവർക്കു കെട്ടിട നിർമ്മാണത്തിനും മറ്റുമുള്ള സഹായം നൽകുന്നുണ്ട്. 37,000 രൂപ വായ്പയായും 12,500 രൂപ സബ്സിഡിയായും ഗ്രൂപ്പ് ആശുപത്രികൾക്ക് നൽകുന്നുണ്ട്. അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ തന്നെ ഡിസ്പെൻസറികൾക്ക് കെട്ടിടനിർമ്മാണത്തിന് വായ്പയായി 25,000 രൂപയും സബ്സിഡിയായി 12,500 രൂപയും ഇപ്പോൾ തന്നെ നൽകുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സഹകരണ മേഖലയിൽ നടക്കുന്ന ആശുപത്രികൾക്കുള്ള ഏറ്റവും വലിയ ബുദ്ധിമുട്ട് സാമ്പത്തിക ബാധ്യതയാണ്. ഡോക്ടർമാരെയും മറ്റും വരുത്തുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു. സെൻട്രൽ ഗവൺമെൻറുമായി ആലോചിച്ച് ഇ. എസ്. ഐ. സ്കീമുമായി യോജിപ്പിച്ച് ഇതിൻെറ പ്രവർത്തനം നടത്തുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ബേബിജോൺ: സർ, ഈ സഹകരണ ആശുപത്രികളെപ്പറ്റി പഠിക്കാനുള്ള കമ്മിറ്റി ഉണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശവും ആ കമ്മിറ്റിയുടെ മുമ്പിൽ കൊണ്ടുവരുന്നതിന് ശ്രമിക്കാം.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ പണിമുടക്ക്

* 68 [68] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ തൊഴിലാളികൾ ഒരു പണിമുടക്ക് നടത്തുവാൻ പോകുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പണിമുടക്കിനാസ്പദമായ കാര്യങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പണിമുടക്ക് നടക്കുകയാണെങ്കിൽ അതിനെ നേരിടാൻ ഗവൺമെൻറ് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചു?

പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) 1978–79 ലേയ്ക്ക് ഇലക്ട്രിസിറ്റി ബോർഡ് നൽകാൻ തീരുമാനിച്ച 8⅓ ശതമാനം ബോണസ്സിനെക്കാൾ വർദ്ധിച്ച നിരക്കിൽ ബോണസ് വേണമെന്ന ആവശ്യമാണ് ഉന്നയിക്കപ്പെട്ടത്.

(സി) പണിമുടക്ക് ഒഴിവാക്കാനാണ് ഗവൺമെൻറ് പരിശ്രമിച്ചത്. 18–9–1979–ൽ വിദ്യുച്ഛക്തി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട കൺസിലിയേഷൻ കോൺഫറൻസിൽ വച്ച് ഒത്തു തീർപ്പുണ്ടാക്കുകയും പണിമുടക്ക് നോട്ടീസ് പിൻവലിക്കപ്പെടുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly